**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 466** — **03-11-2021 - ൽ മറുപടിയ്ക്ക്**

**വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. പ്രേംകുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിന്റെ കീഴിൽ 3 പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റീജിയണൽ പബ്ലിക് ലബോറട്ടറി കോഴഞ്ചേരി (പത്തനംതിട്ട), ജില്ല പബ്ലിക് ഹെൽത്ത് ലാബ് മഞ്ചേരി (മലപ്പുറം), ജില്ല പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരി (വയനാട്) എന്നീ 3 ലാബുകളിലും വിവിധ ക്ലിനിക്കൽ ലബോറട്ടറി ഡിവിഷ നോടൊപ്പം ഐ.സി.എം.ആർ അപ്രൂവൽ ഉള്ള കോവിഡ് ആർ.ടി.പി.സി.ആർ പരിശോധനകൾ നടക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റിനു കീഴിൽ 2015 -ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ VRDL ലാബിന് അനുമതിയും, സിവിൽ പ്രവർത്തിക്കും, ഉപകരണങ്ങൾ വാങ്ങുന്ന തിനും ഫണ്ടും നൽകി. 2017-ൽ ഭാഗീകമായും 2018 മുതൽ പൂർണ്ണമായും ലാബ് പ്രവർത്തന സജ്ജമായി. വൈറൽ അസുഖങ്ങൾ നിർണ്ണയിക്കാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ, 2019 ജൂൺ മുതൽ മൂന്നാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്ത് കാവിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസ്സിൽ പ്രവർത്തനം ആരംഭിച്ചു. പ്രതിവർഷം 5000 മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ക്ഷമതയുള്ള ഈ ലാബിൽ നിലവിൽ 1500 മരുന്ന് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ കണ്ണൂർ കുത്ത്പറമ്പ് നിയോജക മണ്ഡലത്തിലെ വലിയ വെളിച്ചം എന്ന സ്ഥലത്ത് ഒരു റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി 24/10/2020 മുതൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ, 2020 ഒക്ടോബർ 15-ാം തീയതിയിൽ തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രവർത്തനോദ്ഘാടനം നടത്തി. ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്. സാങ്കേതിക വിഭാഗങ്ങളിലേയ്ക്കുള്ള നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങളുടെയും അനുബന്ധ സാമഗ്രികളുടെയും കെമിക്കലുകളുടെയും വാങ്ങൽ നടപടികളും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. രോഗ നിർണയത്തിനുള്ള ലബോറട്ടറി നവംബർ ആദ്യ വാരത്തോട് കൂടി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്തെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ 3 പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റീജിയണൽ പബ്ലിക് ലബോറട്ടറി കോഴഞ്ചേരി (പത്തനംതിട്ട), ജില്ല പബ്ലിക് ഹെൽത്ത് ലാബ് മഞ്ചേരി (മലപ്പുറം), ജില്ല പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരി (വയനാട്) എന്നീ 3 ലാബുകളിലും വിവിധ ക്ലിനിക്കൽ ലബോറട്ടറി ഡിവിഷനോടൊപ്പം ഐ.സി.എം.ആർ അപ്രൂവൽ ഉള്ള കോവിഡ് ആർ.ടി.പി.സി.ആർ പരിശോധനകൾ നടക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 2015 -ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ VRDL ലാബിന് അനുമതിയും, സിവിൽ പ്രവർത്തിക്കും, ഉപകരണങ്ങൾ വാങ്ങുന്നതിനും ഫണ്ടും നൽകി. 2017-ൽ ഭാഗീകമായും 2018 മുതൽ പൂർണ്ണമായും ലാബ് പ്രവർത്തന സജ്ജമായി. വൈറൽ അസുഖങ്ങൾ നിർണ്ണയിക്കാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ, 2019 ജൂൺ മുതൽ മൂന്നാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്ത് കാവിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസ്സിൽ പ്രവർത്തനം ആരംഭിച്ചു. പ്രതിവർഷം 5000 മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ക്ഷമതയുള്ള ഈ ലാബിൽ നിലവിൽ 1500 മരുന്ന് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ കണ്ണൂർ കൂത്ത്പറമ്പ് നിയോജക മണ്ഡലത്തിലെ വലിയ |

| | | | |
|---|---|---|---|
| | | | വെളിച്ചം എന്ന സ്ഥലത്ത് ഒരു റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി 24/10/2020 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ, 2020 ഒക്ടോബർ 15-ാം തീയതിയിൽ തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രവർത്തനോദ്ഘാടനം നടത്തി. ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്. സാങ്കേതിക വിഭാഗങ്ങളിലേയ്ക്കുള്ള നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങളുടെയും അനുബന്ധ സാമഗ്രികളുടെയും കെമിക്കലുകളുടെയും വാങ്ങൽ നടപടികളും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. രോഗ നിർണയത്തിനുള്ള ലബോറട്ടറി നവംബർ ആദ്യ വാരത്തോട് കൂടി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |
| (സി) | സംസ്ഥാനത്തെ പരിശോധനയ്ക്ക് ശേഷം ഐ.സി.എം.ആർ. ന്റെ സ്ഥിരീകരണം ലഭിക്കുന്നതിനായി എല്ലാ സാമ്പിളുകളും പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയക്കേണ്ട സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; | (സി) | എല്ലാ സാമ്പിളുകളും പൂനൈ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അയക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. നിപ്പ, എബോള മുതലായ ഗുരുതര സ്വഭാവമുള്ള വൈറസ് സാംക്രമിക രോഗങ്ങളുടെ നിർണയത്തിനും സ്ഥിരീകരണത്തിനും Biosafety ലെവൽ -3 ലാബുകൾ അനിവാര്യമാണ്. നിലവിൽ ഇത്തരം രോഗങ്ങളുടെ നിർണയത്തിന് ഔദ്യോഗിക സ്ഥിരീകരണം നൽകുന്നതിനുള്ള അനുമതി പൂനൈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഭരണ, ഗവേഷണ, ലാബ് സംവിധാനങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കി ഐ.സി.എം.ആർ.ന്റെ അനുമതി യോടുകൂടി പൂർണ്ണമായ ഫലം നൽകാൻ കഴിയുന്ന സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ ഐ.സി.എം.ആർ. ന്റെ അനുമതിയോടുകൂടി സംസ്ഥാനത്തു നിന്നുതന്നെ പൂർണ്ണമായ ഫലം നൽകാൻ കഴിയുന്ന സ്ഥാപനമാക്കി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ സാമ്പിളുകളും പൂനൈ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അയക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. നിപ്പ, എബോള മുതലായ ഗുരുതര സ്വഭാവമുള്ള വൈറസ് സാംക്രമിക രോഗങ്ങളുടെ നിർണയത്തിനും സ്ഥിരീകരണത്തിനും Biosafety ലെവൽ -3 ലാബുകൾ അനിവാര്യമാണ്. നിലവിൽ ഇത്തരം രോഗങ്ങളുടെ നിർണയത്തിന് ഔദ്യോഗിക സ്ഥിരീകരണം നൽകുന്നതിനുള്ള അനുമതി പൂനൈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് മാത്രമാണ് കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാർ നൽകിയിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഭരണ, ഗവേഷണ, ലാബ് സംവിധാനങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കി ഐ.സി.എം.ആർ.ന്റെ അനുമതിയോടുകൂടി പൂർണ്ണമായ ഫലം നൽകാൻ കഴിയുന്ന സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ